(സി) പുതുക്കിയ എസ്റ്റിമേറനുസരിച്ച് 16,75,000 രൂപ കൂടി കോഴിക്കോട് ജില്ലാ സ്പോർട്ട്സ് കൗൺസിലിനു നൽകേണ്ടതുണ്ട്.

(ഡി) കഴിയുന്നതും വേഗം തുക കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റേഡിയം പണിയുന്നതിന് ഗ്രാന്റ്

52 [86] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1983-84, 1984-85 എന്നീ വർഷങ്ങളിൽ സ്റ്റേഡിയം പണിയുന്നതിന് സ്പോർട്ട്സ് കൗൺസിൽ ഗ്രാന്റു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ;

(സി) ഏതെല്ലാം സംഘടനകൾക്ക്;

(ഡി) എത്ര തുക വീതം?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സാമൂഹ്യക്ഷേമ ഉദ്യോഗസ്ഥന്മാരുടെ നിവേദനം

53 [87] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സീനിയോറിറ്റിയടക്കം ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ആഫീസേഴ്സ് അസോസിയേഷന്റെ ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ ഡയറക്ടറുടെ വിശദമായ റിപ്പോർട്ടാവശ്യപ്പെട്ടിരിക്കുകയാണ്.

ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

54 [89] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ഇപ്പോൾ ആകെ എത്ര ഐ. സി. ഡി. എസ്. പ്രോജക്ടുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ പ്രോജക്ടുകളിൽ ആകെ എത്ര അംഗനവാടി വർക്കർമാർ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

3-9-1985-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 52
[86] കാണുക

സ്ഥലമൊരുക്കുന്നതിന് 1983-84-ൽ നൽകിയ ധനസഹായത്തിന്റെ വിശദവിവരം

സ്ഥാപനത്തിന്റെ പേര്	നൽകിയ തുക രൂപ
തിരുവനന്തപുരം ജില്ല	
1. വി. ഐ. എം. എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം	50,000
2. മുസ്ലീം ഹൈസ്കൂൾ, കണിയാപുരം	20,000
3. തിരുവനന്തപുരം ജില്ലാ ഫുട്ബോൾ അസോസിയേഷൻ	25,000
4. ഗവ: ഹൈസ്കൂൾ, പേരൂർക്കട	45,750
5. ഗവ: ഹൈസ്കൂൾ വട്ടിയൂർക്കാവ്	50,000
കോട്ടയം ജില്ല	
1. സെൻറ് തോമസ് കോളേജ്, പാലാ	50,000
2. അസംപ്ഷൻ യു. പി. എസ്. പാലംബ	25,000
3. വന്ദേമാതരം ഹൈസ്കൂൾ, വലിയന്നൂർ	36,250
4. സെൻറ് ആൻറണീസ് ഹൈസ്കൂൾ, പൂഞ്ഞാർ, തെക്കേക്കര	50,000
5. ഗാന്ധിനഗർ ക്ലബ്, കോട്ടയം	25,000
6. വൈ. എം. സി. എ., മുണ്ടക്കയം	25,000
7. ബിഷപ്പ് കുറിയിലച്ചേരി കോളേജ്, അമലഗിരി	50,000
8. ചിറക്കടവ് പഞ്ചായത്ത്	50,000
9. സി. കേശവൻ മെമ്മോറിയൽ ഹൈസ്കൂൾ, കോരുത്തോട്	10,000
ആലപ്പുഴ ജില്ല	
1. വൈ. എം. സി. എ., ചെങ്ങന്നൂർ	25,000
2. സെൻറ് ആൻറണീസ് ഹൈസ്കൂൾ, കൊക്കമംഗലം	4,387.50
3. എം. ജി. എം. ഹൈസ്കൂൾ, തിരുവല്ല	50,000 (കന്നാം ഗഡു)
4. ആലപ്പി യുണൈറ്റഡ് ക്ലബ്	25,000

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിന്റെ പേര്	നൽകിയ തുക രൂപ
കണ്ണൂർ ജില്ല	
1. സെന്റ് ജോർജ് ഹൈസ്കൂൾ, ചെമ്പൻ തോട്ടി	50,000
2. സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, പയ്യന്നൂർ	10,000
3. ലേബർ സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്, കൂവോട്	25,000
4. മേരി ക്യൂൻസ് ഹൈസ്കൂൾ, കുടിയൻമല	10,000
കോഴിക്കോട് ജില്ല	
സിറിസൺ ക്ലബ്, ചെറുവണ്ണൂർ	25,000
വയനാട് ജില്ല	
ഓർഫനേജ് ഹൈസ്കൂൾ, മുട്ടിൽ	12,650
എറണാകുളം ജില്ല	
സെന്റ് മേരീസ് ഹൈസ്കൂൾ, തലക്കോട്	50,000
ഇടുക്കി ജില്ല	
സെന്റ് മോനീസ് ഹൈസ്കൂൾ, വെള്ളാരംകുന്ന്	50,000
തൃശ്ശൂർ ജില്ല	
വിമലാ കോളജ് 1984-85-ൽ ധനസഹായം നൽകിയ സ്ഥാപനം: കണ്ണൂർ മുനിസിപ്പാലിറ്റി	50,000
	2,50,000

LIBRARY ARCHIVES Kerala Legislative Assembly